(ബി) പരമാവധി കാലാവധി 10 വർഷം.

	പലിശ നിരക്ക്
വായ്പ തുക 50,000 രൂപ വരെ	.. 8.25%
50,000 രൂപ മുതൽ 2,00,000 രൂപ വരെ	.. 8.75%
2,00,000 രൂപയ്ക്കുമുകളിൽ	.. **12.50%

(സി) 168 വ്യവസായ സ്ഥാപനങ്ങളാണ് ഏറ്റെടുത്തിട്ടുണ്ട്.

(ഡി) 10 സ്ഥാപനങ്ങളാണ് വിൽപ്പന നടത്തിയിട്ടുണ്ട്.

പദ്ധതി ഇനത്തിൽ ചെലവാക്കിയ തുക

26 [2635] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതി ഇനത്തിൽ ചെലവാക്കിയ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) യു. ഡി. എഫ്. സർക്കാരിന്റെ നാല് വർഷത്തെ പദ്ധതി ഇനത്തിൽ ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്:

(രൂപ ലക്ഷത്തിൽ)

1996-97	1997-98	1998-99	1999-2000	2000-01
218017.89	286762.76	315389.13	309494.80	295359.75

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് യു. ഡി. എഫ്. സർക്കാരിന്റെ നാല് വർഷത്തെ സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്:

(രൂപ ലക്ഷത്തിൽ)

2001-02	2002-03	2003-04	2004-05
253100.13	394398.84	361763.79	കണക്കുകൾ ലഭ്യമല്ല.

ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്

27 [2636] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ഇനത്തിൽ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് സ്വരൂപിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

** പദ്ധതിയും അതിന്റെ വിജയസാദ്ധ്യതയും സംരംഭകന്റെ കഴിവും കണക്കിലെടുത്ത് 9.5% മുതൽ 12.50% വരെ പലിശ ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly